**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 900** **14-10-2026-ൽ മറുപടിയ്ക്ക്**

**പാലക്കാട്-ആലത്തൂർ നെൽകൃഷിക്ക് ജലവിതരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** എൽനിനോ പ്രതിഭാസം കാരണം പാലക്കാട്-ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടെ നെൽകൃഷിയുടെ രണ്ടാം വിളയ്ക്ക് ജില്ലയിലെ വിവിധ ജലസംഭരണികളിൽ നിന്നുള്ള ജലവിതരണത്തെപ്പറ്റി നെൽകർഷകർക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** ഇത് പരിഹരിച്ച് നെൽകൃഷിയുടെ രണ്ടാം വിള സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** ആലത്തൂർ മണ്ഡലത്തിലേക്ക് മലമ്പുഴ, പോത്തുണ്ടി, മംഗലം ഡാമുകളിൽ നിന്നും ജലവിതരണം നടത്തിവരുന്നുണ്ട്. ഇതിൽ മലമ്പുഴ ഡാമിൽ 48.58% , പോത്തുണ്ടി ഡാമിൽ 67.19%, മംഗലം ഡാമിൽ 81% വെള്ളവുമാണ് നിലവിലുള്ളത്. കർഷകരുടെ മീറ്റിംഗ് സംഘടിപ്പിച്ച് ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തി യിട്ടുണ്ട്. എൽനിനോ പ്രതിഭാസം മൂലം ജലദൗർലഭ്യം നേരിടും എന്നുള്ളതി നാൽ രണ്ടാംവിള കൃഷി നേരത്തെ നടത്താനും മൂപ്പുകുറഞ്ഞ വിത്തുകൾ ഉപയോഗിക്കാനും മീറ്റിംഗിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**മറുപടി:** കർഷകർക്ക് രണ്ടാംവിളയ്ക്ക് ഡാമുകളിൽ ലഭ്യമായ ജലം വിതരണം ചെയ്യുന്നതിനായി സമയബന്ധിതമായി കനാൽ ക്ലീനിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**(ഡി)** ഈ വർഷത്തെ നെൽകൃഷിയുടെ രണ്ടാം വിളയ്ക്ക് പര്യാപ്തമായ ജലം സംഭരണികളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തി നെൽ കർഷകർക്ക് വിളനാശം സംഭവിക്കാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**മറുപടി:** മലമ്പുഴ ഡാമിൽ 48.58%, പോത്തുണ്ടി ഡാമിൽ 67.19% , മംഗലം ഡാമിൽ 81% വെള്ളവുമാണ് നിലവിലുള്ളത്. എൽനിനോ പ്രതിഭാസം മൂലം ജലദൗർലഭ്യം നേരിടും എന്നുള്ളതിനാൽ രണ്ടാം വിള കൃഷി നേരത്തേ നടത്താനും മൂപ്പുകുറഞ്ഞ വിത്തുകൾ ഉപയോഗിക്കാനും മീറ്റിംഗിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**